بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*15 June 2012 ~ 24 Rajab 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

കഴിഞ്ഞ വെള്ളിയാഴ്ച–2012 ജൂൺ 8–ാം തീയതി നടത്തിയ ജുംആ ഖുത്തുബയിൽ ഗർഭച്ഛിദ്രം എന്ന വിഷയത്തെ സംബന്ധിച്ച് ഞാൻ സംസാരിക്കുകയുണ്ടായല്ലോ. ആ വിഷയം തുടരാൻ പടച്ചതമ്പുരാൻ എന്നെ അനുവദിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ്.

ഗർഭച്ഛിദ്രം നിയമവിധേയമാക്കാനുള്ള നിയമം പാസ്സാക്കാൻ വോട്ടു ചെയ് തതിലൂടെ (മൗറീഷ്യസിലെ) നമ്മുടെ അധികാരികൾ ജനന നിയന്ത്രണത്തെയും പ്രോത്സാഹിപ്പിക്കുകയാണ്. ഇത്തരം സമൂഹത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. ഈ പ്രശ്നം എല്ലാ മതസമുദായങ്ങളെയും ബാധിക്കുന്നതാണ്. എന്നു മാത്രമല്ല എല്ലാ രാജ്യങ്ങളിലും ഉള്ള മനുഷ്യരെയും ബാധിക്കുന്നതാണ്.

സർവ്വശക്തനായ അല്ലാഹു(ത) അവന്റെ അപാരമായ ബുദ്ധിവൈഭവത്താൽ, മനുഷ്യന്റെ എല്ലാത്തരം ആവശ്യങ്ങൾക്കുള്ള പരിഹാരങ്ങൾ അവന്റെ ചുറ്റുപാടിനുള്ളിൽത്തന്നെ കരുതിവച്ചിട്ടുണ്ട്. ഭർത്താവും ഭാര്യയും തമ്മിലുള്ള ശാരീരിക ലൈഗിംക ബന്ധങ്ങൾ പ്രകൃതിജന്നമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഭാവി തലമുറയ്ക്കു വേണ്ടിയുള്ള ആഗ്രഹവും പ്രകൃതി സാധാരണമാണ്. ഈ സന്താനലബ്ധിക്കു വേണ്ടിയുള്ള അഭിലാഷത്തെ ചുരുക്കുകയോ നിയന്ത്രിക്കുകയോ ചെയ്താൽ, നിയമം മുഖേന അതു തടഞ്ഞാൽ, ഭാര്യ–ഭർതൃബന്ധങ്ങളിൽ അത് വിള്ളൽ സൃഷ്ടിയ്ക്കും. കുട്ടികൾ ഉണ്ടാകാൻ പാടില്ലെന്ന അവസ്ഥ വൈകാരിക പ്രശ്നങ്ങൾക്ക്– ദേഷ്യം, വെറുപ്പ്, വിദ്വേഷം–കാരണമാകും. ജീവിതം ദു:ഖപൂരിതമാകും. സ്നേഹത്തിന്റെ സ്ഥാനത്തു വെറുപ്പും വിദ്വേഷവും വർദ്ധിക്കും. ബന്ധങ്ങൾ ശിഥിലതയെ അഭിമുഖീകരിക്കും.

ഈ വിഷയത്തിൽ ഇസ്ലാമിക പാഠങ്ങൾ വളരെ വ്യക്തമാണ്. ദൈവീക കല്പനകൾ വിശുദ്ധ ഖുർആനിലെ നാലാം അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്നു. ഒന്നിലേറെ– രണ്ടോ,മൂന്നോ,നാലോ, – ഭാര്യമാരെ വിവാഹം ചെയ്യുവാൻ കൂടി അതു പ്രകാരം ഒരു പുരുഷന് അനുവാദമുണ്ട്. അങ്ങനെ വിവാഹം ചെയ്യുന്ന സ്ത്രീകളുടെ താമസം,ഭക്ഷണം, വസ്ത്രം, വിശ്രമം, തുടങ്ങി എല്ലാ കാര്യങ്ങളും ശ്രദ്ധയോടെ നോക്കി നടത്താൻ പുരുഷനു ബാദ്ധ്യതയുണ്ട്. ഇത്തരം കാര്യങ്ങളിൽ മാത്രമല്ല, അവരുടെ ശാരീരിക ലൈഗിംക വികാരങ്ങളും മാനിക്കപ്പെടണം. പുരുഷന് അവന്റെ ഭാര്യയെ തൃപ്തിപ്പെടുത്താൻ ബാദ്ധ്യതയുണ്ട്.

നിയമനിബന്ധനക്കൾക്കനുസൃതമായി നടത്തുന്ന ഇസ്ലാമിക വിവാഹങ്ങൾ ഭർത്താവിനും ഭാര്യയ്ക്കും– അല്ലെങ്കിൽ ഭാര്യമാർക്കും– ദൈവീക കല്പനകൾക്കു കീഴിൽ തങ്ങളുടെ ജീവിതം പങ്കു വെയ്ക്കുന്നതിനുള്ള വലിയ അവസരമാണ് തുറന്നു കൊടുക്കുന്നത്.മഹോന്നതനായ തമ്പുരാന്റെ മഹത്തായ അനുഗ്രഹങ്ങൾക്ക് അത്തരം ദാമ്പത്യങ്ങൾ പാത്രിഭവിക്കും. അവർക്ക് പ്രതിഫലം ഏറെയാണ്. നിയമപരിധികൾക്കു പുറത്ത് ഒരുമിച്ചു താമസിക്കുകയും ലൈഗീംകബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നവർക്ക് ശിക്ഷയും വിധിക്കപ്പെട്ടിരിക്കുന്നു. അതു കൊണ്ട് ദമ്പതിമാർ ദൈവീകകല്പ്പനൾക്കനുസൃതമായി ജീവിതം മുന്നോട്ടു നയിക്കണം. അല്ലാഹുവിന്റെ ക്രോധം വലിച്ചു കൊണ്ടു വരുന്ന ദുഷ്വൃത്തികളിൽ നിന്നവർ അകന്നു കഴിയണം. ഗർഭച്ഛിദ്രം, സന്താനനിയന്ത്രണം തുടങ്ങിയവ വർജ്ജിക്കുക. സന്താനലബ്ധി തന്നെയാണ് ലൈഗിംക ബന്ധങ്ങൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം. ആ അർത്ഥത്തിൽ, ഇണചേരൽ ഒരു മൃഗീയവാസനയോ വെറും ശാരീരിക തൃപ്തിക്കുള്ള മാർഗ്ഗമോ, മാത്രമായി കാണ വതല്ലതന്നെ. ഒരു പുരുഷനും അവന്റെ ഭാര്യയും തമ്മിലുള്ള ഇണചേരൽ ഒരാത്മീയ കാര്യം കൂടിയാണ്. പ്രത്യുൽപ്പാദനം തുടരുന്നത്

അല്ലാഹുവിന് ഏറെ ഇഷ്ടമുള്ള ഒരു കാര്യമാണ് എന്ന വസ്തുത സ്മരീയമാണ്.

ആണും പെണ്ണും ഇണചേരുമ്പോൾ, പ്രത്യുൽപ്പാദനപരമായി, അനിവാര്യമായും സംഭവിക്കേണ്ട കാര്യങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തപ്പെടുകയോ, ബാഹ്യസമ്മർദ്ദങ്ങൾക്കിടയിൽ ഇണചേരൽ നിർബന്ധിതരാവുകയോ ചെയ്താൽ, ഇക്കാര്യത്തിലെ സംതൃപ്തിയെങ്ങനെ ലഭ്യമാകും? സമർദ്ദം നിറഞ്ഞ സാഹചര്യത്തിൽ, താങ്കൾക്കെങ്ങനെ ലൈഗീംകസുഖം ലഭ്യമാകും? ഇതു സാദ്ധ്യമല്ല തന്നെ. ഭൂമിയിലെ ഓരോ ജീവജാലത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് പരിഹാരങ്ങൾക്കുള്ള വഴികൾ തുറന്നിട്ടിരിക്കുന്നു പടച്ചതമ്പുരാൻ. ജനനം അല്ലാഹുവിന്റെ കൈകളിലാണ് സംഭവിയ്ക്കുന്നത്.

ഗർഭനിരോധന മാർഗ്ഗങ്ങൾ പൂർണ്ണമായും ഫലവത്തല്ല. ഗർഭനിരോധന മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിയാലും ഒരു കുഞ്ഞ് ജനിക്കണമെന്ന് അല്ലാഹുവിൽ ഉദ്ദേശിച്ചാൽ, അവനെ തടയുവാൻ ആർക്കും സാദ്ധ്യമല്ല.നിങ്ങളുടെ ശാരീരിക ആന്തരിക വ്യവസ്ഥയെ തകിടം മറിയ്ക്കുവാൻ കാരണമായേക്കാവുന്ന കാര്യങ്ങളിൽ ഏർപ്പെടുമ്പോൾ, നിങ്ങളുടെ പ്രവർത്തനങ്ങൾ പൂർണ്ണ ഉത്തരവാദിത്വത്തോടെ നിർവ്വഹിയ്ക്കുക. അല്ലാഹു(ത) ഖുർആനിൽ പറയുന്നു. ''ദാരിദ്രം ഭയന്ന് നിങ്ങളുടെ സന്തതികളെ കൊല്ലരുത്; അവർക്കും നിങ്ങൾക്കും ജീവിതവിഭവം നല്കുന്നത് നാം ആണ്; അവരെ കൊല്ലുകയെന്നത് ഒരു വലിയ പാപമാകുന്നു ''.(17:32)

ഒരു കുട്ടി അതിന്റെ രക്ഷകർത്താവിന് ഒരു വലിയ സഹായം ആയിത്തീരും. കൂടുതൽ കുട്ടികൾ ഉണ്ടാവുമെങ്കിൽ അതിന്റെ സൗഭാഗ്യങ്ങൾ പിന്നീടാണ് മനസ്സിലാവുക. ഒരു കുഞ്ഞ് വീട്ടിൽ നിറയ്ക്കുന്ന ആനന്ദാനുഭൂതിയെ വിശദീകരിയ്ക്കാൻ കഴിയില്ല.റോസാ ചെടി നടുന്ന ഒരാൾ ഒരുപാട് ശ്രദ്ധവയ്ക്കുന്നു. അതിന്റെ സംരക്ഷണത്തിനായ സമയം ചെലവിടുന്നു.അത് വളർന്ന്, പടർന്നു പന്തലിച്ച്, പൂക്കളുണ്ടാവുമ്പോൾ, സൗരഭ്യം പരത്തുമ്പോൾ, ചെയ്ത പരിശ്രമങ്ങൾ ഫലവത്തായി എന്നു നാം സന്തോഷിയ്ക്കുന്നു. അതിന്റെ സംരക്ഷണത്തിനായ് വേണ്ടി വന്ന ശ്രമങ്ങളിലെ ബുദ്ധിമുട്ടുകൾ നാം മറക്കുന്നു. പൂക്കൾ കൂടുന്നതിനനുസരിച്ച് തോട്ടക്കാരന്റെ സന്തോഷവും അധികരിയ്ക്കുന്നു. അതുപോലെ തന്നെയാണ് കുട്ടികളുടെ മൂല്യവും.

നബിതിരുമേനി(സ) തന്റെ ഉമ്മത്ത് ഏറെ അധികരിയ്ക്കണമെന്ന് ഒരുപാട് ആഗ്രഹിച്ചിരുന്നു. ഒരുപാട് കുഞ്ഞുങ്ങളെ പ്രസവിക്കുന്ന സ്ത്രീകളെ വിവാഹം ചെയ്യാൻ അദ്ദേഹം ഉപദേശിച്ചിരുന്നതായി ഹദീസ്-ൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. സുനൻ അന്നിസാഅ് എന്ന ഹദീസ് ഗ്രന്ഥത്തിലെ വിവാഹകാര്യങ്ങളെ സംബന്ധിച്ച് അദ്ധ്യായത്തിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. തന്റെ ഉമ്മത്ത് മുൻകടന്ന സമുദായങ്ങളെക്കാൾ അധികരിയ്ക്കണമെന്നു തിരുനബി(സ) ആഗ്രഹിച്ചിരുന്നു.

നബിതിരുമേനി(സ) യുടെ ഉമ്മത്തിൽപ്പെട്ടവരാണ് നാം. പ്രവാചകപ്രഭുവിന്റെ ഉപദേശങ്ങളനുസരിച്ച് നാം പ്രവർത്തിക്കേണ്ട്താണ്. അദ്ദേഹത്തെ (സ) സ്നേഹിക്കുന്നുവെന്ന് നാം പറയുമ്പോൾ, അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ നാം പിന്തുടരേണ്ട്താണ്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ പിന്തുടരുന്നവർക്കെങ്ങനെ ഗർഭച്ഛിദ്രത്തെയും സന്താനനിയന്ത്രണത്തെയും അനുകൂലിക്കാൻ കഴിയും? മുസ്‌ലിം ഉമ്മത്തിന്റെ വർദ്ധനവിനു വേണ്ടി പരിശ്രമിക്കണം. ഗർഭച്ഛിദ്രങ്ങളും ഗർഭനിരോധന വഴികളും ഒരു സമുദായം എന്ന നിലയിൽ അപകടകരമായ വഴികളാണ്. പ്രത്യാഘാതങ്ങൾ അപകടകരമായിരിക്കും.

ഇക്കാലത്ത്, ജനനനിയന്ത്രണ പ്രചാരണങ്ങൾ സർവ്വസാധാരണമായിരിക്കുന്നു. അല്ലാഹുവും അവന്റെ ദൂതനും നമ്മെ പഠിപ്പിക്കുന്ന കാര്യങ്ങൾ നാം പ്രാവർത്തികമാക്കാൻ തയ്യാറാകുമെങ്കിൽ, തമ്പുരാൻ നമ്മെ സ്നേഹിക്കുകയും സംതൃപ്തിപ്പെടുകയും ചെയ്യും. ഈ നശ്വര ലോകത്തിനു വേണ്ടി, അല്ലാഹുവിന്റെ തൃപ്തി കാട്ടുന്ന കാര്യങ്ങൾ വിട്ടു കളയരുത്.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ താല്പര്യങ്ങൾ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പാഠങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമാകണം. നബിതിരുമേനി(സ) യെ നാം സ്നേഹിക്കുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിച്ച് പ്രവർത്തിയ്ക്കാൻ, ആഗ്രഹങ്ങൾ പൂർത്തീകരിയ്ക്കാൻ, പരിശ്രമിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

മഹാനായ ഈ പ്രവാചകന്റെ അനുചരവൃന്ദത്തിൽപ്പെട്ട ജനങ്ങളേ, അദ്ദേഹം നമ്മെ പഠിപ്പിച്ചു പോയ കാര്യങ്ങൾ നിങ്ങൾ പിന്തുടരുവിൻ. നിങ്ങളുടെ വ്യക്തിനിഷ്ഠമായ തോന്നലുകൾക്കു വേണ്ടി, അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെ കാറ്റിൽ പറത്താതിരിക്കുക. ദൈവീകാദ്ധ്യാപനങ്ങളെ ഉപേക്ഷിക്കരുത്.

മൗറീഷ്യസിലെ മുസ്‌ലിംകൾ പ്രത്യേകം മനസ്സിൽ വയ്ക്കേണ്ട ചില കാര്യങ്ങളുണ്ട്. ഈ രാജ്യത്ത് നാം ഒരു ന്യൂനപക്ഷ വിഭാഗമാണ്. നമ്മൾ ഒരു ചെറിയ വിഭാഗം ആണെങ്കിലും ഏകനായ അല്ലാഹുവിനെയും അവന്റെ ദൂതർ(സ) നേയും വിശ്വസിച്ചു ആദരിക്കുന്ന കാര്യത്തിൽ നമ്മൾ ഭൂരിപക്ഷം തന്നെയാണ്. 16 അല്ലെങ്കിൽ 17 ശതമാനം മാത്രമാണ് നമ്മുടെ ജനസംഖ്യ ആനുപാതം. സർക്കാർ നടത്തിയ സെൻസസ് പ്രകാരം നമ്മുടെ എണ്ണത്തിൽ വലിയമാറ്റമില്ലാതെ തുടരുന്നു.

നമ്മെ തുറിച്ചു നോക്കുന്ന ഒരു വസ്തുത ഞാൻ പറയട്ടെ. മയക്കുമരുന്നുകളുടെ ഉപയോഗം ഏറ്റവും അധികം ബാധിച്ചിരിക്കുന്നത് മുസ്‌ലിം സമുദായത്തെയാണ്. ഈ പ്രശ്നം ഭൂരിപക്ഷ സമുദായങ്ങളിലെ യുവതലമുറയെയാണ് കൂടുതലായി ഗ്രസിച്ചിരുന്നതെങ്കിൽ, ദേശീയതലത്തിൽ ഇതിനൊരു പരിഹാരം എന്നേ നിർദ്ദേശിക്കപ്പെടുമായിരുന്നു. നമ്മുടെ രാജ്യത്തെ യുവാക്കളെ മയക്കുമരുന്നു നശിപ്പിക്കുകയാണ്. അവരിൽ പലരും മയക്കുമരുന്നുപയോഗം മൂലം മരണപ്പെട്ടു കൊണ്ടിരിക്കുന്നു. മുസ്‌ലിം പെൺകുട്ടികൾ, മതചുറ്റുപാടുകൾ ഉപേക്ഷിച്ച്, മറ്റു മതങ്ങളിൽപ്പെട്ടവരെ വിവാഹം ചെയ്തു പോകുന്നു. കല്യാണം കഴിയ്ക്കാൻ അനുയോജ്യരായ യുവാക്കളെ ഭർത്താവായി ലഭിയ്ക്കാനില്ല എന്ന കാരണം കാട്ടി ഇസ്‌ലാം ഉപേക്ഷിച്ചു പോകുന്ന പെൺകു

ട്ടികളുമുണ്ട്. ഇങ്ങനെ പോയാൽ, മുസ്‌ലിം സമുദായത്തിന്റെ ഗതിയെന്താകും? ഇങ്ങനെ പോയാൽ അടുത്ത, സെൻസസ് ആകുമ്പോൾ,മുസ്‌ലിം ജനസംഖ്യ തീർച്ചയായും താഴേക്ക് പോകും.മുസ്‌ലിം സ്ത്രീകൾ ജനനനിയന്ത്രണവും ഗർഭചിദ്രവും ഒക്കെ അംഗീകൃതമായി കരുതാൻ തുടങ്ങിയാൽ പ്രത്യേകിച്ചും. സമുദായം നേരിടേണ്ടി വരുന്ന ഇത്തരം പ്രശ്നങ്ങൾക്കെതിരിൽ, അംഗങ്ങളെ സജ്ജരാക്കണം. ജനന നിയന്ത്രണത്തിനു പകരം സന്താനവർദ്ധനവിലേക്ക് അംഗങ്ങളുടെ ശ്രദ്ധതിരിയണം.

യുവദമ്പതികൾക്കിടയാൽ, ഇക്കാലത്ത് പരക്കുന്ന ചില തോന്നലുകളുണ്ട്. ഒന്നോ രണ്ടോ കുട്ടികൾ മാത്രമാണെങ്കിൽ, അവരെ നിയന്ത്രിക്കാം. അവരുടെ ഭാവിയെപ്പറ്റി നന്നായി പ്ലാൻചെയ്യാൻ കഴിയും. ഇതൊക്കെയാണവരുടെ കണക്കു കൂട്ടൽ. പക്ഷേ, ഇത് പൂർണ്ണമായും ശരിയാവണമെന്നില്ല. ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള മാതാപിതാക്കൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നു നമുക്കു നോക്കാം.(കുട്ടികളുടെ) ഭാവി അല്ലാഹുവിന്റെ കൈകളിലാണുള്ളത്; മനുഷ്യരുടെ കൈകളിലല്ല. കണ്ണുചിമ്മുന്ന നേരത്തിനുള്ളിൽ എന്തൊക്കെയാണ് സംഭവിക്കുകയെന്നു ആർക്കും പറയാനാകില്ല. അദൃശ്യമായിട്ടുള്ള കാര്യങ്ങൾ അറിയുന്നത് അല്ലാഹു മാത്രം. ഒരു കുഞ്ഞു മാത്രം ഉള്ള വീട്ടിൽ, ചിലവർഷങ്ങൾക്കു ശേഷം അസുഖം മുലമോ, അപകടത്തിൽപ്പെട്ടോ, അല്ലാഹു ഉദ്ദേശിക്കുന്ന മറ്റേതെങ്കിലും കാരണത്താലോ മരണപ്പെടുന്നുവെന്നു കരുതുക. ആ മാതാപിതാക്കളുടെ അവസ്ഥയെന്തായിരിക്കും? കാലവും പ്രായവും ശാരീരികാവസ്ഥയും, ആരോഗ്യപ്രശ്നങ്ങളും പുതിയൊരു കുഞ്ഞിന്റെ ജനനത്തിനു സാദ്ധ്യതയില്ലാതാക്കിയിരിക്കും.

ഒരു കുഞ്ഞ് മാത്രമുള്ളപ്പോൾ, അതിനെ കൊഞ്ചിച്ചു വഷളാക്കാൻ എല്ലാ സാദ്ധ്യതയും കൂടുതലാണ്. എന്തു ചോദിച്ചാലും നല്കും. പരിധികൾ തിരിച്ചറിയാതെ, തിരിച്ചറിയാനാകാതെ, ആ കുട്ടി തന്നെ നഷ്ടത്തിലാകും. കുട്ടി നാശത്തെ അഭിമുഖീകരിക്കുമ്പോൾ, മാതാപിതാക്കൾ വേദനിക്കും, പശ്ചാത്താപവിവശരാകും. ഒന്നിലേറെ കുട്ടികൾ ഉണ്ടായിരുന്നെങ്കിലും ഇങ്ങനെയൊന്നും സംഭവിക്കുമായിരുന്നില്ല. അങ്ങനെ നിങ്ങൾ ചിന്തിക്കും. കുട്ടികൾ ഉണ്ടാകാൻ അവസരമുണ്ടായിരുന്ന കാലം നിങ്ങൾ ഉപയോഗപ്പെടുത്തിയില്ല. ജീവിതം ആസ്വദിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെട്ടു. ചെറുപ്പമായി കാണപ്പെടാൻ നിങ്ങൾ ആഗ്രഹിച്ചു ഇപ്പോൾ, അതിന്റെ അനന്തരഫലങ്ങൾ നിങ്ങൾക്കു മുമ്പാകെ വന്നിരിയ്ക്കുന്നു.ഭാവിയിലെന്തു സംഭവിക്കുമെന്നു നമുക്കറിയില്ല. അപ്പോൾ, എന്തിനാണ് ഇത്ര ഉപയോഗമില്ലാത്ത Risk എടുക്കുന്നത്?

നാം മരിച്ച്, ഈ ലോകം വിട്ടു കഴിഞ്ഞാൽ, നമ്മുടെ നന്മകൾ മാത്രമേ നമ്മോടൊപ്പം ഉണ്ടാവുകയുള്ളൂ. ഭൂമിയിൽ നാം കൈവശം വച്ചിരുന്നതെല്ലാം, ഉപേക്ഷിച്ചു പോകേണ്ടി വരും. ഭാര്യമാരും, കുട്ടികളും സമ്പത്തും ഉൾപ്പെടെയെല്ലാം വിട്ടു പോകണം. ഭൂമിയിലെ വാസകാലത്ത് സദ്‌വൃത്തികൾ ചെയ്തവർ അതിന്റെ ഫലം കണ്ടെത്തും. പിന്നീട് മരണത്തോടെ, ആ ഫലങ്ങൾ അവനിൽ നിന്നും അകറ്റപ്പെടും. എന്നാൽ, ഒരു മുസ്‌ലിം ഭൂമിയിൽ സദ്‌വൃത്തികളിൽ ഏർപ്പെട്ടിരിയ്ക്കുമ്പോൾ, മരണശേഷവും അവയുടെ പ്രതിഫലം അവനു ലഭ്യമാകും. നിലനിൽക്കുന്ന സദ്കർമ്മങ്ങൾ എന്നു നാം വിശേഷിപ്പിക്കുന്നത് ഇത്തരം കർമ്മങ്ങളെയാണ്. പള്ളിനിർമ്മാണം തനിയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്ന കുഞ്ഞുങ്ങളെ വളർത്തൽ എല്ലാം ഇത്തരം സദ്കർമ്മങ്ങൾ ആകുന്നു.

തന്റെ മാതാപിതാക്കൾക്ക് വേണ്ടി ഒരു കുട്ടി പ്രാർത്ഥിക്കുമ്പോൾ, അല്ലാഹു(ത) ആ പ്രാർത്ഥന സ്വീകരിയ്ക്കുന്നു, ആ കുട്ടി തന്റെ മാതാപിതാക്കൾക്കു വേണ്ടി പൊറുക്കലിനെ തേടുമ്പോൾ, പ്രാർത്ഥന അമൂല്യമായിത്തീരും, കബറിനുള്ളിൽ അടക്കപ്പെട്ട ആ മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം. അതു കൊണ്ട് കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടെങ്കിൽ കൂടുതൽ പ്രാർത്ഥനകൾ ലഭിയ്ക്കാനുള്ള സാദ്ധ്യതയും ഏറെയാണ്. നാം കുറച്ചു കാലത്തേയ്ക്ക് ഇവിടെ എത്തിച്ചേർന്ന സഞ്ചാരികളെപ്പോലെയാണ്. അതു കൊണ്ട്, നല്ല കാര്യങ്ങൾ ചെയ്യാൻ കഴിവും അവസരവും ഉള്ളവർ അതു ചെയ്യണം. നല്ല ഇസ് ലാമിക ശിക്ഷണം നല്കി വളർത്തി വലുതാക്കുന്ന കുട്ടികളെ ശേഷിപ്പിച്ചു പോകുന്നത് നമ്മുടെ തന്നെ നന്മയ്ക്ക് ഉപകരിക്കും.

കഴിഞ്ഞ രണ്ടു ഖുത്തുബകളിലായി ഗർഭച്ഛിദ്രത്തെപ്പറ്റിയും ജനനനിയന്ത്രണത്തെക്കുറിച്ചും നിങ്ങളുടെ മുമ്പാകെ പറഞ്ഞ കാര്യങ്ങളെപ്പറ്റി ചിന്തിക്കാൻ നിങ്ങൾക്കോരോരുത്തർക്കും അല്ലാഹു(ത) അവസരം നല്കട്ടെ. ധാർമ്മികതയുടെ മാർഗ്ഗം പിന്തുടരാൻ നമുക്കു കഴിയട്ടെ. സന്താനനിയന്ത്രണ പദ്ധതികൾക്കും ഗർഭചിദ്രത്തിനും എതിരിൽ ശബ്ദമുയർത്താൻ മനുഷ്യരാശിയ്ക്ക് കഴിയുമാറാകട്ടെ.ഇൻശാ അല്ലാഹ്. ആമീൻ.

*Translated by: Fazil Jamal*
*Jamaat Ul Sahih Al Islam Kerala*

*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*
*Phone: 0475-2252530, 9447001832*